ഉത്തരം

(എ) ഇപ്രകാരം ഒരു പരാതിയും ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇപ്രകാരം ഒരു ആവശ്യം ഇതുവരെയും സർക്കാർ പരിഗണിച്ചിട്ടില്ല.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഗവൺമെൻറ് ഐ. ടി. ഐ.-യിൽ പുതിയ കോഴ്സുകൾ

43 [2235] ശ്രീമതി എം. ടി. പത്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഗവൺമെൻറ് ഐ. ടി. ഐ.-യിൽ അടുത്ത വർഷം പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് തീരുമാനമുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കോഴ്സുകളാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നവർക്ക് ക്ഷേമനിധി

44 [2236] ശ്രീ. പി. ബാലൻ:
,, കെ. എ. ചന്ദ്രൻ:
,, കെ. പി. കുഞ്ഞിക്കണ്ണൻ:
ശ്രീമതി എം. ടി. പത്മ:
ശ്രീ. കെ. രാഘവൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തിവരുന്നവരിൽ ഭൂരിഭാഗം പേരും സ്വയം തൊഴിൽ ചെയ്ത് ജീവിക്കുന്നവരാണെന്നും ഇത്തരക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ എന്തു നടപടി സ്വീകരിച്ചു;

(സി) ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly